Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

2nd November 2015

## PRESS RELEASE SECOND PART

## തിരഞ്ഞെടുപ്പ് സമാധാനപരം

സംസ്ഥാനത്തെ ഏഴ് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തിങ്കളാഴ്ച നടന്ന തിരഞ്ഞെടുപ്പ് തികച്ചും സമാധാനപരമായിരുന്നു എന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു. പ്രാഥമിക വിവരം അനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ 12 ബൂത്തുകളും നഗരസഭകളിൽ 5 സ്ഥലത്തും വോട്ടിംഗ് മെഷീൻ തകരാറിലായതുമൂലം പുതിയ മെഷീൻ ഉപയോഗിച്ച് വോട്ടെടുപ്പ് തുടരേണ്ടി വന്നു.

കണ്ണൂർ പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരങ്ങാട് എ.എൻ.പി സ്കൂളിലെ ഒരു ബൂത്ത്, തിരുവനന്തപുരം നഗരസഭയിലെ കോട്ടപ്പുറത്ത് രണ്ട് ബൂത്ത്, മാണിക്യവിളാകം ഡിവിഷനിലെ ഒരു ബൂത്ത് എന്നിവടങ്ങളിൽ വെബ് ക്യാമറ സംവിധാനം തകരാറിലാക്കി. തുടർന്ന് തകരാറ് പരിഹരിച്ചശേഷം വോട്ടെടുപ്പ് തുടർന്നു.

*(എസ്.ഇ.സി. 182/2015)*

## സംസ്ഥാനത്ത് 76.20 ശതമാനം പോളിംഗ് ഏറ്റവും കൂടുതൽ വയനാട്ടിൽ കുറവ് തിരുവനന്തപുരം

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഒന്നാം ഘട്ട വോട്ടെടുപ്പിൽ 76.20 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഒന്നാം ഘട്ടം തിരഞ്ഞെടുപ്പ് നടന്നത്. ഇതിൽ ഏറ്റവും കൂടുതൽ പോളിംഗ് 81.58 വയനാട്ടിലും കുറവ് 69 ശതമാനം തിരുവനന്തപുരം ജില്ലയിലുമാണ്. ഓരോ ജില്ലയിലെയും പോളിംഗ് ശതമാനം ചുവടെ. ത്രിതല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ആകെ എന്ന ക്രമത്തിൽ.

തിരുവനന്തപുരം -72, 75, 60, 69
കൊല്ലം- 75, 76.88, 69.12, 73.67
ഇടുക്കി - 75, 86.70, 00, 80.85
കോഴിക്കോട് - 81.10, 76, 74.93, 77.34
വയനാട് - 82.19, 80.97, 00, 81.58
കണ്ണൂർ - 75.48, 77.74, 67.73, 73.65
കാസർഗോഡ് - 78.46, 76.15, 00, 77.31

*(എസ്.ഇ.സി. 183/2015)*

## കോർപ്പറേഷനുകളിൽ 67.95 ശതമാനം പോളിംഗ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിങ്കളാഴ്ച നടന്ന ഒന്നാം ഘട്ട വോട്ടെടുപ്പിൽ കോർപ്പറേഷനുകളിൽ 67.95 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ പോളിംഗ് ശതമാനം കോഴിക്കോട് ആണ് (74.93). മറ്റ് കോർപ്പറേഷനുകളിലെ പോളിംഗ് ശതമാനം തിരുവനന്തപുരം 60, കൊല്ലം 69.12, കണ്ണൂർ 67.73 ശതമാനം.

*(എസ്.ഇ.സി. 184/2015)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

2nd November 2015

## PRESS RELEASE FIRST PART

### രണ്ടാംഘട്ട വോട്ടെടുപ്പിൽ കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിലായി 129 വാർഡുകൾ

സംസ്ഥാനത്ത് 5-നു നടക്കുന്ന രണ്ടാംഘട്ട തദ്ദേശഭരണ വോട്ടെടുപ്പിൽ സംസ്ഥാനത്തെ മൊത്തം ആറ് കോർപ്പറേഷനുകളിൽ രണ്ടെണ്ണം മാത്രം. കൊച്ചി, തൃശ്ശൂർ എന്നിവയാണ് ഇവ. ഇവിടങ്ങളിൽ യഥാക്രമം 74 ഉം 55 ഉം വാർഡുകളാണുള്ളത്. കൊച്ചിയിൽ 403 ഉം തൃശ്ശൂരിൽ 245 ഉം സ്ഥാനാർത്ഥികൾ മത്സരിക്കുന്നു.

*(എസ്.ഇ.സി.176 /2015)*

### രണ്ടാംഘട്ട വോട്ടെടുപ്പിൽ 55 മുനിസിപ്പാലിറ്റികൾ: വാർഡുകൾ – 1965: പുതിയ മുനിസിപ്പാലിറ്റികൾ – 14

സംസ്ഥാനത്ത് അഞ്ചിനു നടക്കുന്ന രണ്ടാംഘട്ട തദ്ദേശഭരണ വോട്ടെടുപ്പിൽ ഏഴു ജില്ലകളിലെ പുതിയ 14 മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ 55 മുനസിപ്പാലിറ്റികളിലായി 1965 വാർഡുകൾ. ഇതിൽ ഏറ്റവും കൂടുതൽ മുനിസിപ്പാലിറ്റികളും വാർഡുകളും മലപ്പുറം ജില്ലയിലാണ്. ഇവിടെ 12 മുനിസിപ്പാലിറ്റികളിലായി 479 വാർഡുകളാണുള്ളത്. ഏറ്റവും കുറവ് പത്തനംതിട്ടയിലാണ് നാല് മുനിസിപ്പാലിറ്റികളിലായി 132 വാർഡുകൾ. മറ്റ് ജില്ലകളിലെ മുനിസിപ്പാലിറ്റികളുടെയും വാർഡുകളുടെയും എണ്ണം:

| ജില്ല | മുനിസിപ്പാലിറ്റികൾ | വാർഡുകൾ |
|---|---|---|
| ആലപ്പുഴ | 6 | 215 |
| കോട്ടയം | 6 | 204 |
| എറണാകുളം | 13 | 421 |
| തൃശ്ശൂർ | 7 | 274 |
| പാലക്കാട് | 7 | 240 |

രണ്ടാംഘട്ട വോട്ടെടുപ്പിൽ പുതിയതായി രൂപീകരിച്ച 14 മുനിസിപ്പാലിറ്റികളുണ്ട്. പന്തളം, ഹരിപ്പാട്, എറ്റുമാനൂർ, ഈരാറ്റുപേട്ട, പിറവം, കൂത്താട്ടുകുളം, വടക്കാഞ്ചേരി, പട്ടാമ്പി, ചെർപ്പുളശ്ശേരി, മണ്ണാർക്കാട്, താനൂർ, പരപ്പനങ്ങാടി, വടക്കാഞ്ചേരി, തിരൂരങ്ങാടി എന്നിവയാണിവ . 14 പുതിയ മുനിസിപ്പാലിറ്റികളിലായി മൊത്തം 469 വാർഡുകളാണുള്ളത്.

*(എസ്.ഇ.സി.177 /2015)*

## 2011–ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ

കേരളത്തിൽ 2011-ൽ പൂർത്തീകരിച്ച സെൻസസ് പ്രകാരം സംസ്ഥാനത്ത് ആകെ 7923242 കുടുംബങ്ങളാണുള്ളത്. ഇതിൽ ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളിലായി 6376219 കുടുംബങ്ങളും, മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 830192 കുടുംബങ്ങളും, കോർപ്പറേഷൻ പരിധിയിൽ 716831 കുടുംബങ്ങളുമാണുള്ളത്. സ്ത്രീ പുരുഷാനുപാതം നോക്കുമ്പോൾ ആകെ ജനസംഖ്യയായ 33719012 പേരിൽ ഭൂരിഭാഗം സ്ത്രീകളാണ്. 17543476 സ്ത്രീകൾ പുരുഷന്മാർ 16175536. ഇതിൽ ജില്ലാ - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളിൽ 14154846 സ്ത്രീകളും 13037994 പുരുഷന്മാരുമാണുള്ളത്. മുൻസിപ്പാലിറ്റിയിൽ 1691692 പുരുഷന്മാരും 1853263 സ്ത്രീകളുമുണ്ട്. കോർപ്പറേഷൻ പരിധിയിലെ സ്ത്രീ പുരഷന്മാർ യഥാക്രമം 1535367, 1445850.

ആകെ ജനസംഖ്യയിൽ 3056099 പട്ടിക ജാതി വിഭാഗവും, 485715 പട്ടികവർഗ്ഗ വിഭാഗ വുമാണുള്ളത്. ജില്ലാ - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളിലായി 1349590 പട്ടിക ജാതി സ്ത്രീകളും, 1277621 പട്ടികജാതി പുരഷന്മാരുമുണ്ട്. മുൻസിപ്പാലിറ്റിയിൽ പട്ടിക ജാതി സ്ത്രീ പുരുഷന്മാർ യഥാക്രമം 122474 ഉം, 114812 മാണുള്ളത്. കോർപ്പറേഷൻ പരിധിയിൽ 98173 സ്ത്രീകളും 93429 പുരുഷന്മാരുമുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ ജില്ലാ - ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളിലായി 234597 സ്ത്രീകളും 226898 പുരുഷന്മാരും മുൻസിപ്പാലിറ്റിയിൽ 7592 സ്ത്രീകളും 7025 പുരുഷന്മാരുമുണ്ട്. കോർപ്പറേഷൻ പരിധിയിൽ യഥാക്രമം 4916, 4687 പട്ടികവർഗ്ഗ സ്ത്രീ, പുരുഷന്മാരുമുണ്ട്.

*(എസ്.ഇ.സി. 178/2015)*

## രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് ആകെ 19328 പോളിംഗ് സ്റ്റേഷനുകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നവംബർ അഞ്ചിന് നടക്കുന്ന രണ്ടാംഘട്ട തിരഞ്ഞെടുപ്പിൽ ഏഴ് ജില്ലകളിലായി 19328 പോളിംഗ് സ്റ്റേഷനുകൾ. പഞ്ചായത്തുകളിൽ 16681, നഗര മേഖലയിൽ 2647 എന്നിങ്ങനെയാണ് പോളിംഗ് സ്റ്റേഷനുകളുടെ വിന്യാസം.

തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളും ആകെ പോളിംഗ് സ്റ്റേഷനുകളും ബ്രാക്കറ്റിൽ യഥാക്രമം ഗ്രാമീണ മേഖലകളിലെയും നഗരമേഖലകളിലെയും സ്റ്റേഷനുകൾ.

| | | |
|---|---|---|
| പത്തനംതിട്ട | 1458 | (1326, 132) |
| ആലപ്പുഴ | 2252 | (1984, 268) |
| കോട്ടയം | 2331 | (2078, 253) |
| എറണാകുളം | 3104 | (2356, 748) |
| തൃശ്ശൂർ | 3298 | (2816, 482) |
| പാലക്കാട് | 2974 | (2690, 284) |
| മലപ്പുറം | 3911 | (3431, 480) |

*(എസ്.ഇ.സി. 179 /2015)*

## രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് : പോളിംഗ് സാമഗ്രികളുടെ വിതരണത്തിന് 146 കേന്ദ്രങ്ങൾ

നവംബർ അഞ്ചിന് തദ്ദേശഭരണ വോട്ടെടുപ്പ് നടക്കുന്ന ഏഴ് ജില്ലകളിലേയ്ക്ക് 146 കേന്ദ്രങ്ങളിലായാണ് പോളിംഗ് സാമഗ്രികളുടെ വിതരണം. 89 ബ്ലോക്ക് സെന്ററുകൾ, 57 കോർപ്പറേഷൻ/മുനിസിപ്പാലിറ്റി കേന്ദ്രങ്ങളിലായാണ് ക്രമീകരണം.

ജില്ലകളും വിതരണ കേന്ദ്രങ്ങളുടെ എണ്ണവും

| | ബ്ലോക്ക് സെന്റർ | കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി | ആകെ |
|---|---|---|---|
| പത്തനംതിട്ട | 8 | 4 | 12 |
| കോട്ടയം | 11 | 6 | 17 |
| ആലപ്പുഴ | 12 | 6 | 18 |
| എറണാകുളം | 14 | 14 | 28 |
| തൃശ്ശൂർ | 16 | 8 | 24 |
| പാലക്കാട് | 13 | 7 | 20 |
| മലപ്പുറം | 15 | 12 | 27 |

*(എസ്.ഇ.സി. 180 /2015)*

## രണ്ടാം ഘട്ട വോട്ടെടുപ്പിന്റെ പ്രചാരണം ഇന്ന് അവസാനിക്കും (03.11.2015)

രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ പ്രചാരണ പരിപാടികൾ ഇന്ന് (03.11.2015) വൈകിട്ട് 5-ന് അവസാനിക്കും. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കുള്ള മൊത്തം 12651 വാർഡുകളിലേക്ക് 44388 സ്ഥാനാർത്ഥികളാണ് മൽസരിക്കുന്നത്. ഒന്നാംഘട്ടത്തിൽ ഏഴ് ജില്ലകളിലെ മൊത്തം 9220 വാർഡുകളിലേക്ക് 31161 സ്ഥാനാർത്ഥികളാണുണ്ടായിരുന്നത്.

***(എസ്.ഇ.സി.181/2015)***